# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 30.10.2019-ലെ മറുപടി
ചോദ്യം നമ്പർ:1053

### അങ്കമാലിയിലെ ശുദ്ധജല വിതരണപദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോജി എം. ജോൺ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി നഗരസഭ, അയ്യമ്പുഴ, മലയാറ്റൂർ, മഞ്ഞപ്ര, മൂക്കന്നൂർ, പാറക്കടവ്, കാലടി, തുറവൂർ, കറുകറ്റി എന്നീ പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തിനായി അനുവദിച്ച വിവിധ പദ്ധതികളും തുകയും ഇനം തിരിച്ച് ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അങ്കമാലി നിയോജകമണ്ഡലത്തിലെ അങ്കമാലി മുനിസിപ്പാ ലിറ്റിക്കും തുറവൂർ, മഞ്ഞപ്ര, അയ്യമ്പുഴ, മലയാറ്റൂർ, നീലേശ്വരം പഞ്ചായത്തുകൾക്കുമുള്ള ശുദ്ധജല വിതരണ പദ്ധതിക്ക് 22/03/2018-ലെ G.O.(Rt)No. 184/2018/WRD നമ്പർ ഉത്തരവ് പ്രകാരം 116 കോടി രൂപയുടെ ഭരണാനുമതിയും കിഫ്ബിയിൽ നിന്നും 12/11/2018-ലെ WRD025-22-PA-01 നമ്പർ ഉത്തരവ് പ്രകാരം 115.93 കോടി രൂപയുടെ ഭരണാനുമതിയും ലഭിച്ചിട്ടുണ്ട്.<br>ഈ പദ്ധതി 2 പാക്കേജുകളായിട്ടാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത്. പാക്കേജ് 1-ൽ അങ്കമാലി മുനിസിപ്പാലിറ്റിക്കും തുറവൂർ മഞ്ഞപ്ര പഞ്ചായത്തുകൾക്കുമായി വെൽ കം പമ്പ് ഹൗസ്, റോ വാട്ടർ പമ്പിംഗ് മെയിൻ, 17 എം.എൽ.ഡി. ട്രീറ്റ്മെന്റ് പ്ലാന്റ്, ഉന്നതതല ജല സംഭരണികൾ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ, വാട്ടർ പമ്പ് സെറ്റുകൾ എന്നീ ഘടകങ്ങളും പാക്കേജ് 2-ൽ മലയാറ്റൂർ, അയ്യമ്പുഴ പഞ്ചായത്തുകൾക്കായി വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പിംഗ് മെയിനുകൾ, ഉന്നതതല ജല സംഭരണികൾ എന്നിവ ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ടി പദ്ധതിക്ക് സാങ്കേതികാനുമതിയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കുന്ന ജോലി പുരോഗമിച്ചു വരുന്നു. സ്ഥലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സാങ്കേതികാനുമതി നല്കി ടെണ്ടർ നടപടികൾ |

| | ചോദ്യം | | മറുപടി |
|---|---|---|---|
| | | | സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.<br>മൂക്കന്നൂർ, കാലടി, കറുകുറ്റി, പാറക്കടവ് എന്നീ പഞ്ചായത്തുകളിൽ ശുദ്ധജല വിതരണത്തിനായി പുതിയ പദ്ധതികളൊന്നും അനുവദിച്ചിട്ടില്ല. |
| (ബി) | റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി അങ്കമാലി നിയോജക മണ്ഡലത്തിൽ നിർദ്ദേശിച്ചിട്ടുള്ള കുടിവെള്ള പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ? | (ബി) | ഒരു പദ്ധതിയും നിർദ്ദേശിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**